നം.ക്യു.ഐ.പി.1/44849/2017/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : **23.08.2017**

## <u>സർക്കുലർ</u>

വിഷയം:-2017-18 ഒന്നാം പാദവാർഷിക പരീക്ഷ 25/08/2017-ലെ പരീക്ഷയെ - സംബന്ധിച്ച്.

25/08/2017-ന് ഒന്നു മുതൽ 7 വരെയുള്ള ക്ലാസ്സുകൾക്ക് പഠന പ്രവർത്തനങ്ങളും, 8, 9, 10 ക്ലാസ്സുകൾക്ക് പരീക്ഷകളും ടൈംടേബിൾ പ്രകാരം നടക്കുന്നതാണ്.

കാസർഗോഡ് ജില്ല, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന 8 സ്കൂളുകൾ എന്നിവിടങ്ങളിൽ മാത്രമാണ് 25/08/2017-ലെ 8,9,10 ക്ലാസ്സുകളിലെ പരീക്ഷകൾ 26/08/2017-ലേക്ക് മാറ്റിയിട്ടുള്ളത്. ഇതിനു വിരുദ്ധമായി സോഷ്യൽ മീഡിയകളിലൂടെ ചില നിക്ഷിപ്ത താൽപര്യക്കാർ പ്രചരിപ്പിക്കുന്ന വ്യാജ സന്ദേശങ്ങൾ ഫോർവേഡ് ചെയ്യുന്നത് ഗുരുതരമായ അച്ചടക്കനടപടിക്കിടയാക്കുമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ മുന്നറിയിപ്പ് നൽകി. പൊതു വിദ്യാഭ്യാസ വകുപ്പ് ഇറക്കുന്ന സർക്കുലറുകൾ ഇ-മെയിൽ മുഖാന്തിരം ബന്ധപ്പെട്ട ജില്ലാ/ഉപ ജില്ലാ ഓഫീസുകൾ മുഖേന സ്കൂളുകളിലേക്ക് നൽകുന്നതും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതുമാണ്. എന്നാൽ സോഷ്യൽ മീഡിയയിലൂടെ പ്രചരിക്കുന്ന വ്യാജ സന്ദേശങ്ങൾ ആധികാരികങ്ങളെന്നു കരുതി ചില സ്കൂൾ അധികൃതർ നടപടി സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത്തരം വ്യാജ പ്രചരണങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ അറിവോടെയല്ല എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുന്നു.

**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

**സ്വീകർത്താവ്:-**

**എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും**
**എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും**
**എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും**
**എല്ലാ പ്രഥമാദ്ധ്യാപകർക്കും(ബന്ധപ്പെട്ട ജില്ലാ/ഉപ ജില്ലാ ഓഫീസർമാർ മുഖേന)**